DESPATCHED
On. 18/12/21.


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:-sic.ker@nic.in


**ഹർജി നമ്പർ CP.No.580(5)/18/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7268 /SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാനവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എം. എം. ജോസഫ്,<br>മഞ്ഞക്കൽ ഹൗസ്,<br>കാവുംഭാഗം പി.ഒ,<br>കാഞ്ഞിരപ്പള്ളി താലൂക്ക്, കോട്ടയം. | പരാതിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,<br>വെള്ളാവൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>മണിമല പി.ഒ, കോട്ടയം – 686 543. | എതിർകക്ഷി |

## ഉത്തരവ്

1. പരാതിക്കാരൻ കോട്ടയം കളക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് 23.04.2018 ലെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ 6–ാം വാർഡിൽ 2013–2014 ൽ നടപ്പിലാക്കിയെന്നു പറയുന്ന അടാമറ്റം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ്. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം വെള്ളാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാകയാൽ പ്രസ്തുത അപേക്ഷ 26.04.2018 തീയതി ടി ഓഫീസിലെയ്ക്ക് അയച്ചു നൽകുകയുണ്ടായി.
2. തുടർന്ന് എതിർകക്ഷി 26.05.2018 തീയതി നൽകിയ മറുപടിയിൽ തൃപ്തികരമല്ലാത്തതിനാൽ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ 30.07.2021 തീയതി ടെലഫോൺ മുഖാന്തിരം കേൾക്കുകയും പരാതിക്കാരനും എതിർകക്ഷിയും ഹാജരാകുകയും ഉണ്ടായി.
3. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് ഒന്നിനുപോലും വിവരം നൽകിയില്ല എന്നും അടാമറ്റം കുടിവെള്ള പദ്ധതിയ്ക്ക് 2013–14 ൽ 3,65,000/– രൂപ ചെലവഴിച്ചിട്ടുള്ളതായി വിവരാവകാശ മറുപടി വാഴൂർ ബ്ലോക്കിൽ നിന്ന് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ അപേക്ഷ നൽകിയത് എന്നും ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് വിവരം ലഭ്യമാക്കണമെന്നുമാണ് പരാതിക്കാരൻ അറിയിച്ചത്.

4. കളക്ടറേറ്റിൽ നിന്ന് കൈമാറി ലഭിച്ച അപേക്ഷയ്ക്ക് 26.05.2018 തീയതി മറുപടി നൽകി എന്നും പരാതിയിൽ പരാമർശിച്ചിട്ടുള്ള വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ 2013-14 ൽ നടപ്പിലാക്കി എന്ന് പറയുന്ന അടാമറ്റം കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിട്ടില്ല എന്നുംമറ്റുമാണ്.

5. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും എസ്.പി.ഐ.ഒയുടെ മൊഴിയും പരിശോധിക്കുമ്പോൾ, അടാമറ്റം കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ വാഴൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ടി പ്രവർത്തനം നടത്തിയിട്ടുള്ളതായി എസ്.പി.ഐ.ഒ അറിയിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ വാഴൂർ ബ്ലോക്കിലേയ്ക്ക് കൈമാറി വിവരം പരാതിക്കാരന് നൽകുവാൻ നിർദ്ദേശിക്കേണ്ടതായിരുന്നു. അത്തരത്തിൽ ഒരു നടപടി എസ്.പി.ഐ.ഒയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. എതിർകക്ഷിയുടെ ഈ നടപടി വിവരാവകാശ നിയമം 6(3) ന്റെ ലംഘനവും ഗുരുതര വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും ജാഗ്രതയോടെ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യണമെന്നും എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

6. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ, പ്രസ്തുത അപേക്ഷ വാഴൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി വിവരം ശേഖരിച്ച് സൗജന്യമായി പരാതിക്കാരന് അയച്ചു നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

STATE INFORMATION COMMISSION